# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.19/PR/PIC/PHQ/17                                                                 Date : 02.02.2017

## പോലീസിൽ വൈൽഡ് ലൈഫ് ക്രൈം ഡിവിഷൻ ആലോചനയിൽ: സംസ്ഥാന പോലീസ് മേധാവി

വന്യമൃഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് സംസ്ഥാന പോലീസിലെ ക്രൈംബ്രാഞ്ചിന് കീഴിൽ പ്രത്യേക ഡിവിഷൻ രൂപീകരിക്കുന്ന കാര്യം ആലോചനയിലാണെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു. പോലീസ് ആസ്ഥാനത്ത് സംസ്ഥാനത്താദ്യമായി പോലീസ് സേനാംഗങ്ങൾക്കായി സംഘടിപ്പിച്ച വന്യജീവി സിമ്പോസിയത്തിൽ ആമുഖ പ്രഭാഷണം നടത്തവെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. വന്യജീവികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ നമ്മുടെ ജൈവവൈവിധ്യത്തിനും പ്രകൃതിസമ്പത്തിനും മാത്രമല്ല സംസ്ഥാനത്തിന്റെ സുരക്ഷയ്ക്കും ഭീഷണിയാവുകയാണ്. ലോകത്താകെ വേരുകളുള്ള സംഘടിത മാഫിയ മറ്റു പലയിടങ്ങളിലെന്നപോലെ കേരളത്തിലും ഇതിനു പുറകിലുണ്ട്. പോലീസ് ഓഫീസർമാർ കൂടി ഉൾപ്പെടുന്ന ഒരു കൂട്ടായ ഇടപെടലിലൂടെ ഇത്തരം കുറ്റകൃത്യങ്ങൾ കൂടുതൽ ഫലപ്രദമായി ചെറുക്കാൻ കഴിയും. ഇതിനുവേണ്ടിയുള്ള പ്രവർത്തന പദ്ധതിക്ക് രൂപം നൽകുമെന്നും താഴെത്തലംവരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ ബോധവത്കരണം നടത്തുന്നതിന് ശില്പശാലകൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

വന്യജീവികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിൽ പോലീസും ഒത്തുചേരുന്നത് സ്വാഗതാർഹമാണെന്ന് സിമ്പോസിയം ഉദ്ഘാടനം ചെയ്ത പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ.എസ്.സി.ജോഷി പറഞ്ഞു. വനംവകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം പോലീസ്, കസ്റ്റംസ്, മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ

എന്നിവർ കൂട്ടായി പ്രവർത്തിച്ചാൽ ഈ രംഗത്ത് കുറ്റകൃത്യങ്ങൾ  കാര്യമായി കുറയ്ക്കാൻ കഴിയും. ആഗോളതലത്തിൽ 23 മില്യൺ യൂ.എസ്. ഡോളർ വരുന്ന ബിസിനസാണിത്. പെട്ടെന്ന് പണമുണ്ടാക്കാവുന്ന കുറ്റകൃത്യങ്ങളിൽ രണ്ടാം സ്ഥാനമാണിതിന്. മയക്കുമരുന്ന് മാഫിയയും ഭീകരരുമായി ഏറെ ബന്ധമുള്ള ഒന്നാണ് ഇത്തരം കുറ്റകൃത്യങ്ങൾ. വന്യജീവികളുടെ ശരീരഭാഗങ്ങൾ വിറ്റ് ഭീകരർ പണം ശേഖരിക്കുന്നു. ഈ പണം കൊടുത്തു വാങ്ങുന്ന ആയുധങ്ങളുപയോഗിച്ച് നിരപരാധികളെ വകവരുത്തുന്നു. ഇത്തരത്തിൽ ദേശസുരക്ഷയ്ക്കും ഇവർ ഭീഷണിയാവുകയാണ്. വിവിധ ഏജൻസികൾ ഒത്തുചേർന്നുള്ള പ്രവർത്തനമാണ് ഇതു തടയുന്നതിനാവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഏഷ്യ എലിഫന്റ് സൊസൈറ്റി പ്രവർത്തകയും പ്രമുഖ ഡോക്യുമെന്ററി സംവിധായികയുമായ സംഗീത അയ്യർ കേരളത്തിൽ നാട്ടാനകൾക്കെതിരെയുള്ള നിയമലംഘനങ്ങളെക്കുറിച്ച് വിശദീകരിച്ചു. നിയമത്തിന് വിരുദ്ധമായി കാഴ്ചശക്തിയില്ലാത്ത ആനകളെപ്പോലും കേരളത്തിൽ തടിപിടിക്കുന്നതിനും ഉത്സവത്തിനും ഉപയോഗിക്കുന്നുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടി. കേരളത്തിലെ നാട്ടാനകളെക്കുറിച്ച് അവർ സംവിധാനം ചെയ്ത '*ഗോഡ്സ് ഇൻ ഷാക്കിൾസ്*' എന്ന ഡോക്യുമെന്ററിയും പ്രദർശിപ്പിച്ചു.

വന്യമൃഗങ്ങളെ കൊല്ലുന്നതും പീഡിപ്പിക്കുന്നതും മാത്രമല്ല അവയെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ നിന്ന് മാറ്റുന്നതും കുറ്റകൃത്യങ്ങളുടെ പരിധിയിൽവരുമെന്ന് നിയമവ്യവസ്ഥകളെപ്പറ്റി വിശദീകരിച്ച ഹൈക്കോടതി അഡ്വക്കേറ്റ് ഹരിരാജ് ചൂണ്ടിക്കാട്ടി. വന്യമൃഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ പെരിയാർ ടൈഗർ റിസർവ് അസിസ്റ്റന്റ് ഫീൽഡ് ഡയറക്ടർ മനു സത്യൻ അവതരിപ്പിച്ചു.

പോലീസ് ആസ്ഥാനത്തെ എസ്.പി. കാളിരാജ് മഹേഷ്കുമാർ സംസാരിച്ചു. എല്ലാ ജില്ലകളിലെയും ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പിമാർ, തിരുവനന്തപുരം റൂറൽ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം റൂറൽ,തൃശൂർ, പാലക്കാട്, മലപ്പുറം,  വയനാട്, കാസർഗോഡ് ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ  തുടങ്ങിയവർക്കായാണ് സിമ്പോസിയം  സംഘടിപ്പിച്ചത്.

ഫോട്ടോ ക്യാപ്ഷൻ : പോലീസ് ആസ്ഥാനത്ത്  പോലീസ് സേനാംഗങ്ങൾക്കായി സംഘടിപ്പിച്ച വന്യജീവി സിമ്പോസിയത്തിൽ ആമുഖ പ്രഭാഷണം നടത്തുന്ന സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ. എസ്.പി. കാളിരാജ് മഹേഷ്കുമാർ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ.എസ്.സി.ജോഷി എന്നിവർ സമീപം.

************